## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3517

12.05.2017-ൽ മറുപടിനൽകാനുണ്ടായിരുന്നത്

(അന്തിമ മറുപടി)

### പ്രകൃതി ക്ഷോഭത്തിനിരയാവുന്ന മൽസ്യ തൊഴിലാളികൾക്ക് അടിയന്തര സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്. ശർമ്മ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പ്രകൃതി ക്ഷോഭത്തിനിരയാവുന്ന മൽസ്യ തൊഴിലാളികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, എത്ര രൂപയാണ് അടിയന്തര സഹായം നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ജില്ലാ കളക്ടറുടെ ഫണ്ടിൽ (എസ്ഡിആർഫ്/എൻഡിആർഎഫ്) നിന്നും 20/05/2015 ലെ സ.ഉ(കൈ)194/15/ഡിഎംഡി നമ്പർ ഉത്തരവ്, 23/07/2015 ലെ സ.ഉ(കൈ)343/15/ഡിഎംഡി നമ്പർ ഉത്തരവ് എന്നിവ പ്രകാരം കടൽക്ഷോഭത്തിൽ മത്സ്യബന്ധനയാനം പൂർണ്ണമായി തകർന്നവർക്ക് 9,600/- രൂപയും ഭാഗികമായി നാശനഷ്ടം ഉണ്ടായവർക്ക് 4,100/- രൂപയും വല പൂർണ്ണമായും നശിച്ചവർക്ക് 2,600/- രൂപയും ഭാഗികമായി നാശനഷ്ടം ഉണ്ടായവർക്ക് 2,100/- രൂപയും നൽകി വരുന്നു. കൂടാതെ 05/08/2016 ലെ സ.ഉ(കൈയെഴുത്ത്) നമ്പർ 441/16/റവ പ്രകാരം ശക്തമായ കടൽക്ഷോഭത്തെത്തുടർന്ന് കേരളത്തിന്റെ കടലോര പ്രദേശങ്ങളിൽ ഈ മഴക്കാലത്ത് വള്ളം, വല തുടങ്ങിയ മത്സ്യബന്ധന ഉപാധികൾ നഷ്ടപ്പെട്ട മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന സംഘങ്ങൾക്ക് (ഗ്രൂപ്പ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംഘം ഒന്നിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചു നൽ കിയിട്ടുണ്ട്<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രകൃതി ക്ഷോഭത്തിനിരയായവർക്ക് നൽകിയ അടിയന്തര സഹായത്തിന്റെ ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മൽസ്യ തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് വായ്പകളിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 1166 ഗുണഭോക്താക്കൾക്ക് കടാശ്വാസം നൽകുന്നതിനായി 2,74,39,448/- രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | മത്സ്യത്തൊഴിലാളികളുടെ എണ്ണം | തുക |
|---|---|---|---|
| 1 | കൊല്ലം | 583 | 98,96,664 |
| 2 | ആലപ്പുഴ | 78 | 26,43,376 |
| 3 | കോട്ടയം | 13 | 5,03,684 |
| 4 | എറണാകുളം | 163 | 58,02,072 |
| 5 | തൃശ്ശൂർ | 60 | 20,03,675 |
| 6 | മലപ്പുറം | 30 | 3,78,793 |
| 7 | കോഴിക്കോട് | 87 | 28,91,610 |
| 8 | വയനാട് | 1 | 20,000 |
| 9 | കണ്ണൂർ | 120 | 25,80,684 |
| 10 | കാസർഗോഡ് | 31 | 7,18,890 |
| | ആകെ | 1166 | 27439448 |

മത്സ്യഫെഡ് വഴി 138 ഗുണഭോക്താക്കൾക്ക് 31.74 ലക്ഷം രൂപ കടാശ്വാസമായി അനുവദിച്ചു. ജില്ലതിരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൊല്ലം | 23 |
| ആലപ്പുഴ | 24 |
| കോട്ടയം | 15 |
| എറണാകുളം | 32 |
| തൃശ്ശൂർ | 25 |
| മലപ്പുറം | 8 |
| കോഴിക്കോട് | 9 |
| കണ്ണൂർ | 2 |
| | -------- |
| ആകെ | 138 |
| | ========== |

ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങൾക്ക് കടാശ്വാസം നൽകുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 ഗഡുക്കളായി യഥാക്രമം 4,17,99,631/- രൂപ, 17,66,051/- രൂപ, 1,34,31,441/- രൂപ, 1,73,70,826/- രൂപ (ആകെ 7,43,67,949/- രൂപ) ഫിഷറീസ് വകുപ്പിൽ നിന്നും വിവിധ ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

മറ്റു ധനകാര്യ സ്ഥാപനങ്ങൾ വഴി 96 പേർക്കായി 65,97,570/- രൂപ കടാശ്വാസത്തിനായി അനുവദിച്ചു. ജില്ല തിരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൊല്ലം | - 47 |
| തിരുവനന്തപുരം | - 3 |
| ആലപ്പുഴ | - 24 |
| എറണാകുളം | - 7 |
| കോട്ടയം | - 1 |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ - 1<br>മലപ്പുറം - 3<br>കോഴിക്കോട് - 8<br>കണ്ണൂർ - 1<br>കാസർഗോഡ് - 1<br>-----<br>**ആകെ 96**<br>=======<br>കൂടാതെ വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി 4,59,707/- രൂപ കടാശ്വാസമായി അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ജില്ല | മത്സ്യത്തൊഴിലാളി കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 36 | 3,22,200 |
| 2 | കൊല്ലം | 17 | 1,12,200 |
| 3 | പത്തനംതിട്ട | ഇല്ല | ഇല്ല |
| 4 | ആലപ്പുഴ | 25 (ഗ്രൂപ്പ്) | 25,00,000 |
| 5 | കോട്ടയം | ഇല്ല | ഇല്ല |
| 6 | ഇടുക്കി | ഇല്ല | ഇല്ല |
| 7 | എറണാകുളം | ഇല്ല | ഇല്ല |
| 8 | തൃശ്ശൂർ | 15 | 8,96,336 |
| 9 | പാലക്കാട് | ഇല്ല | ഇല്ല |
| 10 | മലപ്പുറം | ഇല്ല | ഇല്ല |
| 11 | കോഴിക്കോട് | 4 | 38,400 |
| 12 | വയനാട് | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | 1 | 1,00,000 |
| 14 | കാസർഗോഡ് | ഇല്ല | ഇല്ല |
| ആകെ | | | **39,69,136** |

ഇതു കൂടാതെ കാസർഗോഡ് ജില്ലയിൽ 5 പേർക്ക് 8,95,000/- രൂപയുടെയും, തിരുവനന്തപുരം ജില്ലയിൽ നിന്നും 2 ഗ്രൂപ്പുകൾക്കായി ഒരു ലക്ഷം രൂപയുടെയും എറണാകുളം ജില്ലയിൽ നിന്നും 4 സംഘങ്ങൾക്കായി 4,94,000 രൂപയുടെയും മലപ്പുറം ജില്ലയിൽ നിന്നും 10 സംഘങ്ങൾക്കായി 10 ലക്ഷം രൂപയുടെയും ധനസഹായത്തിന് അതാത് ജില്ലാ കളക്ടർമാർക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിന്മേൽ തീരുമാനം ആയിട്ടില്ല.

മലപ്പുറം ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ കേടുപാട് സംഭവിച്ച 9 വീടുകൾക്ക് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി ജില്ല കളക്ടറുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു ലക്ഷം രൂപ വീതം മൊത്തം 9 ലക്ഷം രൂപ നൽകുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ